[ശ്രീ. ആർ. ശങ്കർ]

ഗവണ്മെന്റ് അവരെ അവിടെ നിന്നും ഇറക്കുന്നതിന ആവശ്യമായ നടപടികളും എടുത്തുവരികയാണ്. ഇതാണ് യഥാർത്ഥമായിട്ടുള്ള സംഗതി. ഇതിൽ അസാധാരണമായി യാതൊന്നും ഇല്ല. ഇതൊരു അടിയന്തിര പ്രമേയത്തിന വിഷയമാക്കേണ്ട സംഗതിയുമല്ല. അതിനാൽ ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം നിഷേധിക്കണം എന്നാണ് എനിക്ക ബഹുമാനപ്പെട്ട സ്പീക്കറോട് അപേക്ഷിക്കുവാനുള്ളത്.

Mr. Speaker: In view of the facts stated by the Minister, I withhold consent to the moving of the motion.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61.

Omission of "Arabic" Part I (b) in the Syllabus of the new Scheme for the proposed two year Pre-University Course.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, 1964 ജൂൺ മുതൽ ആരംഭിക്കുന്ന ദ്വിവത്സര പ്രീയൂണിവേഴ്സിറ്റി കോഴ്സിനുള്ള വിഷയങ്ങളും തീർച്ചപ്പെടുത്തിയതിൽ അതിന്റെ പുതിയ സ്കീം ആഫ് പാഠോണിൽ സിൻഡിക്കേറ്റു ചില വ്യതിയാനങ്ങളും വരുത്തീട്ടുണ്ട്. ഇന്നു നിലവിലുള്ള ഏകവൽസര പ്രീയൂണിവേഴ്സിറ്റി കോഴ്സിൽ പാർട്ട് ഒൺ ഇംഗ്ലീഷിനു പുറമേ സാൻസ്ക്രിറ്റ്, തമിഴ്, ഹിന്ദി, ഉർദു, കന്നട, ഫ്റഞ്ച് ഈ ഭാഷാഗ്രൂപ്പുകളും കൂടി പഠിപ്പിക്കുന്നതിനു അനുവദിച്ചിട്ടുള്ളതിന്റെ കൂട്ടത്തിൽ അറബിഭാഷകൂടിയുണ്ട്. ഇന്നു നമ്മുടെ സംസ്ഥാനത്തിൽ മിക്ക ഹൈസ്കൂളുകളിലും ഉദാഹരണത്തിനു നൂറിലധികം ഹൈസ്കൂളുകളിൽ അറബി ഭാഷാഗ്രൂപ്പായി എടുത്തു പഠിച്ചു യൂണിവേഴ്സിറ്റി ക്ലാസ്സുകളിലേക്കു വരുന്ന കുട്ടികളും പ്രീയൂണിവേഴ്സിറ്റി ക്ലാസ്സിലും ഡിഗ്രികോഴ്സിനും അറബി ഭാഷാഗ്രൂപ്പു എടുത്തു പഠിച്ചുവരുന്നുണ്ട്. എന്നാൽ പുതിയ സ്കീം അനുസരിച്ചു ഭാഷാഗ്രൂപ്പുകളുടെ കൂട്ടത്തിൽ സാൻസ്ക്രിറ്റ്, തമിഴ്, ഹിന്ദി, ഉർദു കന്നട, ഫ്റഞ്ച് മുതലായ ഭാഷകളും മാത്രമാണ് പെടുത്തീട്ടുള്ളതു. ഫ്റഞ്ചുഭാഷകൂടി ഇപ്പോഴത്തെ പുതിയ സ്കീം അനുസരിച്ചു നമ്മുടെ സംസ്ഥാനത്തെ ഭാഷകളുടെ കൂട്ടത്തിൽപ്പെടുത്തിയിട്ടും, അറബിഭാഷ നമ്മുടെ പ്രധാനമായ ഒരു പൗരസ്ത്യഭാഷയായിട്ടും അതിൽ പെടുത്താത്തതിന്റെ കാരണം മനസ്സിലാകുന്നില്ല. മാത്രമല്ല, അറബിഭാഷകൂടി ഉൾപ്പെടുത്താത്ത, അറബിഭാഷയില്ലാത്ത ഒരു പരിതഃസ്ഥിതി വന്നാൽ ഹൈസ്കൂൾ സ്റ്റേജിൽ ഈ അറബിഭാഷ എടുത്തു പഠിച്ചു വന്നിട്ടുള്ള കുട്ടികൾക്കു കോളേജു ലെവലിൽ ആ ഭാഷയുടെ പകരം വേറെ ഭാഷ പഠിക്കാൻവേണ്ടി ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും അവർക്ക് അതൊരു പുതിയ ഭാഷയായി അവർ പഠിക്കേണ്ടിവരുന്നതുകൊണ്ട് അവർക്കു പാസ്സ്മാർക്കുപോലും കിട്ടാൻ നിവൃത്തിയില്ലാതെവരും. മാത്രമല്ല, പാർട്ട് ടൂവിൽ ഇന്നു പെടുത്തീട്ടുള്ള ഏ ഗ്രൂപ്പിൽ നിന്നു ഏതെങ്കിലും മൂന്നു സബ്ജക്ട്സ് എടുത്തു പഠിച്ചു ഈ ദ്വിവത്സര പ്രീയൂണിവേഴ്സിറ്റികോഴ്സു പാസ്സായ ഉടനെ പ്രൊഫഷണൽ കോളേജുകളിലേക്ക്, അതായതു്, എൻജിനീയറിംഗ്, മെഡിക്കൽ, അഗ്രിക്കൾച്ചർ, വെറ്ററിനറി സയൻസ് ഈ കോളേജുകളിലേക്കു പോകാൻ കഴിയും. അപ്പോൾ അറബിഭാഷ ഭാഷാഗ്രൂപ്പായി എടുക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതി വരികയാണെന്നുണ്ടെങ്കിൽ അങ്ങനെ വരുന്ന കുട്ടികൾക്കു സ്വാഭാവികമായും അവർ പഠനം തുടർന്നുവരുന്നതായ ഭാഷ തീരെ ഉപേക്ഷിക്കേണ്ടതായിവരും. കേരളത്തിലാണെങ്കിൽ നൂറു ഹൈസ്കൂളുകളിലും ഏറെക്കുറെ 225 അപ്പർപ്രൈമറി സ്കൂളുകളിലും, ആയിരം ലോവർ പ്രൈമറി സ്കൂളുകളിലും ഗവണ്മെന്റ് അറബി

LIBRARY ARCHIVES Kerala Legislative Assembly

ലാംഗ്വേജായി പഠിക്കാൻ വേണ്ട സൗകര്യം ചെയ്തിട്ടുണ്ട്. നമ്മുടെ തലശ്ശേരി ഗവണ്മെന്റ് കോളേജ്, ബ്രണ്ണൻ കോളേജ്, മാടപ്പള്ളി, കണ്ണൂർ, ഫാറൂക്ക് കോളേജ്, മഹാരാജാസ് കോളേജ്, എറണാകുളം ഈ കോളേജുകളിലെല്ലാം ധാരാളം കുട്ടികൾ അറബിഭാഷ ലാംഗ്വേജായി എടുത്തു പഠിച്ചുവരുന്നുണ്ട്. ഇവിടെത്തന്നെ തിരുവനന്തപുരം ഇൻറർമീഡിയറ്റ് കോളേജിലും യൂണിവേഴ്സിറ്റികോളേജിലും തുച്ഛമായിട്ടേ കുട്ടികൾ പഠിക്കുന്നുള്ളൂ. അപ്പോൾ തിരുവനന്തപുരത്തെ കുട്ടികളുടെ കണക്കെടുത്തുകൊണ്ട് സിൻഡിക്കേറ്റ് അറബി ഭാഷയെ അതിൽ നിന്നും ഒഴിവാക്കിയതാണെന്നുണ്ടെങ്കിൽ അതു വാസ്തവത്തിൽ ക്ഷമിക്കത്തക്കതല്ല. ഈ കാര്യം സിൻഡിക്കേറ്റ് പുനഃപരിശോധന ചെയ്യണം.

ഇതിൽ നിന്നും വരാൻപോകുന്ന ഭവിഷ്യത്തു എന്താണെന്നുവച്ചാൽ, യൂണിവേഴ്സിറ്റിയിൽ ഈ അറബിഭാഷ മറ്റു ലാംഗ്വേജുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ പിന്നെ ഹൈസ്കൂളുകളിൽ അറബി പഠിക്കാൻ കുട്ടികൾ വരികയില്ല. ഹൈസ്കൂളിൽ പഠിച്ചിട്ടാണല്ലോ കോളേജിലേക്ക് വരിക. അപ്പോൾ ഹൈസ്കൂളിലില്ലാതാകുന്നതുകൊണ്ട് അപ്പർപ്രൈമറി സ്കൂളിലും ലോവർപ്രൈമറി സ്കൂളുകളിലും കുട്ടികൾ അറബി പഠിക്കാനില്ലാതാകും. കാലക്രമത്തിൽ അറബിഭാഷ നമ്മുടെ പള്ളിക്കൂടത്തിൽ നിന്നും കോളേജുകളിൽ നിന്നും നിഷ്ക്കാസിതമാക്കാനുള്ള ആന്തരികമായ പരിശ്രമമാണോ എന്നു ഞാൻ ബലമായി സംശയിക്കുകയാണ്. ഇതു ഒരു പൗരസ്ത്യഭാഷ എന്നുള്ള നിലയിൽ ഈ നാട്ടിലെ വിവിധ സമുദായങ്ങളും ഈ അറബിഭാഷ എടുത്തു പഠിച്ചുവരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തു നിന്നും കുട്ടികൾ പുറത്തുപോകുന്ന അവസരത്തിൽ റിസർച്ചിനും മറ്റും വളരെ ആവശ്യമായി വരുന്നുണ്ട് അറബി ഭാഷ. വളരെയധികം ഗ്രന്ഥങ്ങൾ ഈ ഭാഷയിലുണ്ട്. വളരെ അധികം ആളുകൾ ഇതിൽ പ്രാവീണ്യം സിദ്ധിച്ചിട്ടുള്ളവർ മുന്നോട്ടു വരുന്നുണ്ട്. അതുകൊണ്ട് പ്രോചാൻസലർ കൂടിയായ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി യൂണിവേഴ്സിറ്റിയെ ഇക്കാര്യം അടിയന്തിരമായി അവരുടെ ശ്രദ്ധയിൽപെടുത്തണമെന്നും നിലവിൽ ഉണ്ടായിരുന്നമാതിരി സ്റ്റാറ്റസ്സോ മെൻറയിൽ ചെയ്യുകയും അറബിക്കൂടി ലാംഗ്വേജിൽപ്പെടുത്തുന്നതിനു വളരെ വേഗത്തിൽ വേണ്ട നടപടി എടുക്കണമെന്നും ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇതു പറയാൻ കാരണം, ഇപ്പോൾ സിലബസ് ഡ്രാഫ്റ്റിംഗ് സ്റ്റേജാണ്. ഈ അടിയന്തിരാവസ്ഥയിൽ ഇതു ഒക്കെകാര്യം ചെയ്യില്ലെങ്കിൽ പിന്നെ ഇതു നടപ്പിൽ വരുത്താൻ പ്രയാസമാണ്. അതുകൊണ്ടാണ് ഇക്കാര്യം മുഖ്യമന്ത്രി യുടേയും ഗവണ്മെൻറിൻറെയും ശ്രദ്ധയിൽപ്പെടുത്തുന്നതു്. അടിയന്തിരമായി വേണ്ടതു പ്രവർത്തിക്കണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആർ. ശങ്കർ : ഒരു വിവരം ചോദിച്ചുകൊള്ളട്ടെ, ഈ അറബി പാർട്ട് ഒണ്ണിൽ ചേക്കണമോ, പാർട്ട് ടൂവിൽ ചേക്കണമോ എന്താണ് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം? പാർട്ട ഒണ്ണിൽ ഇംഗ്ലീഷ് ആൻഡ് എനി ഒൺ ലാംഗ്വേജ് എന്നുള്ളതിൽ അറബി ചേക്കണമെന്നാണോ, അതോ പാർട്ട് ടൂവിൽ സാൻസ്ക്രിറ്റ്, തമിഴ്, കന്നട, ഫ്രഞ്ച് ഇതിൻറെ കൂട്ടത്തിൽ അറബിക്കൂടി ചേക്കണമെന്നാണോ ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: പാർട്ട് ഒൺ ബി—യിൽ ചേക്കണം. പാർട്ട് 2 എന്നു പറയുന്നതു്, ആപ്ഷണൽ സബ്ജക്റ്റ്സ് ആണ്.

ശ്രീ. ആർ. ശങ്കർ : പാർട്ട 2 ബി—ൽ അറബി ഉണ്ടെന്നറിയാമോ ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : പാർട്ട് 2 ബി. ആപ്ഷണൽ സബ്ജക്റ്റ്സാണ്.

ശ്രീ. ആർ. ശങ്കർ: സർ, ഞാൻ ഇതിനെപ്പറ്റി നടത്തിയ അന്വേഷണത്തിൽ നിന്നും അറിയുന്നതു്, അറബിഭാഷ ഇൻഡ്യയിലെ ഒരു മാതൃഭാഷയായി സംസാരിക്കുന്നവർ വളരെ അപൂർവ്വമാണെന്നാണ്. ഇൻഡ്യയിലെ ഒരു റീജിയണൽ ഭാഷയായിരിക്കുന്ന അതിൻറെ മൂലഭാഷ മാത്രമേ പാർട്ട് ഒണ്ണിൽ ഉൾപ്പെടുത്തീട്ടുള്ളൂ. പാർട്ട് ടൂവിൽ അറബിഭാഷ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അതു ആപ്ഷണലാണ്. പാർട്ട് ണ്ണിൽ ഉൾപ്പെടുത്തീട്ടില്ലെന്നാണ ഞാൻ പറഞ്ഞതു്.

ശ്രീ. ആർ. ശങ്കർ: ഏതായാലും ബഹുമാനപ്പെട്ട മെമ്പറുടെ ഈ അഭിപ്രായം ഞാൻ യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. യൂണിവേഴ്സിറ്റി ഒരു ആട്ടോണമസ് ബാഡിയാണു്. അവരെക്കൊണ്ടു എന്തെല്ലാം ചെയ്യിക്കാം എന്നു ഏല്ലാൻ നിവൃത്തിയില്ല. പക്ഷെ, ബഹുമാനപ്പെട്ട മെമ്പക്കു ഇങ്ങനെ ഒരു അഭിപ്രായമുണ്ടെന്നു ഞാൻ യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താം. മന്ത്രിക്കു് പ്രോചാൻസലർ പദവി മാത്രമേയുള്ള. വല്ലപ്പോഴും ചാൻസലർ ഇല്ലാത്തപ്പോൾ ഡിഗ്രി കൊടുക്കാനുള്ള ആളാണു് പ്രോചാൻസലർ. അല്ലാതെ അക്കാഡമിക്ക ആയിട്ടുള്ള കാര്യങ്ങളിൽ പ്രോചാൻസലർ ഇടപെടുകയില്ല. ഈ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വം വഹിക്കുന്നതു എഡ്യൂക്കേഷൻ മിനിസ്റ്റർ ആയതുകൊണ്ടു സഭയിലുണ്ടായ ഒരു അഭിപ്രായം യൂണിവേഴ്സിറ്റിയെ അറിയിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : ഞങ്ങടെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയനുസരിച്ചു യൂണിവേഴ്സിറ്റി ഒരു ആട്ടോണമസ് ബാഡിയാണെന്നുള്ളതു തെറ്റായിട്ടുള്ള നിലയിലാണു മനസ്സിലാക്കിയിരുന്നതു്.

ശ്രീ. ആർ. ശങ്കർ : തെറ്റായ നില കൂടുള്ളതു മി. ഗോപാലനുണ്ടും കാണും.

ശ്രീ. കെ. ഹസ്സൻ ഗനി : ഫ്രഞ്ചു ഭാഷയും സാധാരണയായി ഇവിടെ സംസാരിക്കാറുണ്ടോ, ഇല്ലെന്നാണു് ഞങ്ങടെ മനസ്സിലാക്കുന്നതു്. എന്നിട്ടു അതു ചേർത്തിട്ടും അറബിഭാഷ അല്ലാട്ടത്തിൽപെടുത്താതിരുന്നതുകൊണ്ടു പറയുന്നതാണു്. അറബിഭാഷ അതിൽപ്പെടുത്താത്തതുകൊണ്ടു ഈ മെക്കനിക്കൽ സ്റ്റഡീസിനു പോകുന്നവക്കു വിഷമം നേരിടുമെന്നുള്ളതാണു് കാര്യം. പ്രീയൂണിവേഴ്സിറ്റി കോഴ്സു കഴിഞ്ഞു എൻജിനീയറിംഗ്, മെഡിക്കൽ, അഗ്രിക്കൾച്ചർ, പെറ്റിനറി സയൻസ് ഈ പ്രൊഫഷണൽ കാളേജുകളിൽ പോകുന്നവക്കു വിഷമം നേരിടും. എൻജിനീയറിംഗ് കാളേജിൽ പോകുന്നതിനു മാത്തമാറ്റിക്സ്, ഫിസിക്സ്,കെമിസ്ട്രിയും, മെഡിക്കൽ കാളേജിൽ പോകുന്നതിനു ബയാളജിയും, ഫിസിക്സും, കെമിസ്ട്രിയും, ആപ്ഷണൽ സബ്ജക്ട്സും, ഏതെങ്കിലും ലാംഗ്വേജും പഠിക്കണം. അപ്പോൾ ലാംഗ്വേജ് അറബി എടുത്തു പഠിച്ചിട്ടുള്ളവക്കു ഇതുമൂലം ടെക്കനിക്കൽ സ്റ്റഡീസിനു പോകാൻ സാധിക്കാതെ വരുന്നു. അതുകൊണ്ടു അവക്കു പ്രൊഫഷണൽ കാളേജുകളിൽ പ്രവേശനം ലഭിക്കാൻ സാധിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ലെജിസ്ലേറേഴ്സ് ഹോസ്റ്റലിൽ നടന്നതായ സംഭവങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങളും അടുത്തദിവസം ഈ സഭയിൽ തരാമെന്നു മുഖ്യമന്ത്രി ഏല്ക്കുകയുണ്ടായി. അക്കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണു്.

Mr. Speaker: Yes. That will be given.

Statement by the Chief Minister regarding the incident at the Legislators Hostel.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, അതിനെപ്പറ്റി ഇപ്പോഴത്തന്നെ പറയാം. ഞാൻ ഈ കാര്യത്തെപ്പറ്റി ചില അന്വേഷണങ്ങളും നടത്തി. അതിന്റെ ഫലമായി കിട്ടിയ വിവരങ്ങളും ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ അറിവിനായി ഇവിടെ വയ്ക്കുകയാണു്. ഫെബ്രുവരി 4-ാം തീയതി, എയർ പോർട്ടിൽ വിമാനത്തിൽ വന്നിറങ്ങിയ ശ്രീ. കാമരാജ നാടാരെ സ്വീകരിക്കാനും, അദ്ദേഹത്തെ കാണാനുമായി, ഒരു വലിയ സംഘം ആളുകളും തടിച്ചുകൂടിയിരുന്നു. അങ്ങനെ കൂടിയിരുന്ന ആളുകളുടെ കൂട്ടത്തിൽ ഒരുപക്ഷേ, അൺഡിസയറബിൾ എലിമെന്റ്സ് വല്ലവരും കടന്നുകൂടി

LIBRARY ARCHIVES Kerala Legislative Assembly